ENTRI

1 Crore User Downloads

# CURRENT AFFAIRS

**01 DEC 2024**




### ലോക എയ്ഡ്സ് ദിനം
**ഡിസംബർ 01**
- 2024 Theme - 'Take the rights path: My health, my right!'
- എച്ച്ഐവി/എയ്ഡ്സ് പ്രതിരോധം, ചികിത്സ, പരിചരണം എന്നിവയിലെ പുരോഗതിയെ പ്രോത്സാഹിപ്പിക്കുന്നതിനും, അവബോധം സൃഷ്ടിക്കുന്നതിനും ഡിസംബർ 01 ലോക എയ്ഡ്സ് ദിനമായി ആചരിക്കുന്നു.

---




### വികസിത് ഭാരത് @2047 എന്ന തീമിൽ ഡൽഹിയിൽ നടന്ന അന്താരാഷ്ട്ര വ്യാപാരമേളയിൽ സ്വച്ഛ പവിലിയൻ വിഭാഗത്തിൽ വെള്ളി മെഡൽ സ്വന്തമാക്കിയ സംസ്ഥാനം
**കേരളം**
- വിവിധ മേഖലകളിൽ കേരളം കൈവരിച്ച നേട്ടവും അത് രാജ്യപുരോഗതിയിൽ ഉണ്ടാക്കിയ മുന്നേറ്റവുമാണ് പവിലിയനിൽ ചിത്രികരിച്ചത്.
- ഗോവ സ്വർണ മെഡലും, ഹരിയാന വെങ്കല മെഡലും സ്വന്തമാക്കി.

---




### ഇന്ത്യൻ കോസ്റ്റ് ഗാർഡിന്റെ നാഷണൽ മാരിടൈം സെർച്ച് ആൻഡ് റെസ്ക്യൂ എക്സർസൈസ് SAREX-24 ന്റെ പതിനൊന്നാമത് എഡിഷന്റെ വേദി
**കൊച്ചി**

---




### ഫ്രഞ്ച് എംബസിയിലെ നാല് പതിറ്റാണ്ടുകളുടെ അനുഭവങ്ങൾ പങ്കുവെയ്ക്കുന്ന എം. മുകുന്ദന്റെ ആത്മകഥ
**എന്റെ എംബസിക്കാലം**

---




### സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്ക്  വ്യാവസായിക, സാങ്കേതിക മേഖലകളെ കൂടുതൽ അറിയുന്നതിനും കേരളത്തിന്റെ വളരുന്ന സമ്പദ് വ്യവസ്ഥയ്ക്ക് അനിവാര്യമായ മേഖലകളെക്കുറിച്ച് വിദ്യാർത്ഥികളിൽ കൂടുതൽ അവബോധം സൃഷ്ടിക്കുന്നതിനും 'കെഎസ്ആർടിസി ബഡ്ജറ്റ് ടൂറിസം' ഒരുക്കുന്ന വിനോദ വിജ്ഞാന യാത്ര പദ്ധതി
**ട്രാവൽ ടു ടെക്നോളജി**

---

### രാജ്യത്തെ ഏറ്റവും വലിയ ഗ്ലോബൽ ലൈവ്സ്റ്റോക്ക് എക്സിബിഷന് 2024ൽ വേദിയാകുന്നത്
**പൂക്കോട് വെറ്ററിനറി സർവ്വകലാശാല , വയനാട്**